Website:http://www.kwa.kerala.gov.in

Fax: 91-0471-2324903

Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,

വാട്ടർ അതോറിറ്റി ക്യാംപസ്

വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/HO/RMC/R1/1054/2020

തീയതി: 17.02.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി - വ്യാസായിക കണക്ഷനുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) 05.02.2020 , 03.11.2020 എന്നീ തീയതികളിലെ ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ KWA/HO/RMC/R1/500/2019

2) 28/01/2021 ലെ ബോർഡ് തീരുമാനം നമ്പർ.11104.

കേരള വാട്ടർ അതോറിറ്റിയുടെ 12/2020 ലെ ഡി സി ബി പരിശോധിക്കുമ്പോൾ വ്യാസായിക കണക്ഷനുകളിലെ കുടിശ്ശിക തുക 12.72 കോടിയിൽപരം രൂപയുണ്ട്. വ്യാസായിക കണക്ഷനുകളിൽ ഇത്ര ഭീമമായ കുടിശ്ശിക തുക വരുന്നത് 28/01/2021ന കൂടിയ ബോർഡ് യോഗത്തിൽ ഗൗരവമുള്ള വീഴ്ചയായി എടുത്തിട്ടുണ്ട്. മാത്രമല്ല ഇ-അബാക്കസ് പരിശോധിക്കുമ്പോൾ ഇത്തരം കണക്ഷനുകളിൽ റീഡിങ് പോസ്റ്റ് ചെയ്യിട്ട് വർഷങ്ങൾ ആയിട്ടുണ്ട് . പല കണക്ഷനുകളും വിച്ഛേദനം നടത്തിയതായി മാനുവൽ ലെഡ്ജറു കളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇ-അബാക്കസിൽ എൻടി വരുത്തിയിപ്പോൾ തെറ്റായി രേഖപ്പെടുത്തിയ കണക്ഷനുകളും ഇക്കൂട്ടത്തിലുണ്ട് .ഇത്തരം കണക്ഷനുകൾ ഇന്റേണൽ അദാലത്തിൽ ഉൾപ്പെടുത്തി ഇ-അബാക്കസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് സൂചനയിലെ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഇത്തരത്തിലുള്ള പല കണക്ഷനുകളും ഇപ്പോഴും ഇ-ബാക്കസിൽ ലൈവായതിനാൽ ഭീമമായ കുടിശ്ശിക യാണ് ഡി സി ബി യിൽ നിലനിൽക്കുന്നത് .

വ്യാസായിക കണക്ഷനുകളിൽ ലക്ഷകണക്കിന് രൂപയുടെ കുടിശ്ശികയാണുള്ളത്. ആയതിനാൽ ടി കണക്ഷനുകളിൽ യഥാർത്ഥത്തിൽ ഇത്രയും തുക പിരിഞ്ഞു കിട്ടാനുണ്ടെങ്കിൽ ആയത് അടിയന്തരമായി

Draft #2 of File KWA/HO/RMC/R1/1054/2020 Approved by Finance Manager & Chief Accounts Officer(i/c) on 17-Feb-2021 07:34 AM - Page 1

പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാസമയം വെള്ളക്കരം അടയ്ക്കാത്ത ഇത്തരം കണക്ഷനുകൾ സത്വരമായി വിഛേദിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി ഉൾപ്പടെയുള്ള നടപടികൾ നിയമാനുസരണം സ്വീകരിക്കേണ്ടതുമാണ് ഇ-അബാക്കസിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉത്തമ ബോധ്യമുള്ള കണക്ഷനുകൾ ഇന്റേണൽ അദാലത്തിൽ ഉൾപ്പെടുത്തി ഏഴ് ദിവസത്തത്തിനകം ഒഴിവാക്കി ആ വിവരം ടി കാര്യാലയത്തിൽ അടിയന്തരമായി അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

Shijith V
ഫിനാൻസ് മാനേജർ & ചീഫ്
അക്കൗണ്ട്സ് ഓഫീസർ (i/c)

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും/ എക്സിക്യൂട്ടിവ് എൻജിനീയർമാർക്കും /അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർമാർക്കും

പകർപ്പ്:-

PA to MD/ PA to AM/ PA to TM / IA Wing

Draft #2 of File KWA/HO/RMC/R1/1054/2020 Approved by Finance Manager & Chief Accounts Officer(i/c) on 17-Feb-2021 07:34 AM - Page 2

The document is digitally approved. Hence signature is not needed.